**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3859** **06-08-2021 - ൽ മറുപടിയ്ക്ക്**

**ഉപ്പുകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പള്ളി പഞ്ചായത്തിലെ ഉപ്പുകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പള്ളി പഞ്ചായത്തിലെ ഉപ്പുകുഴി (ഉപ്പൂഴി) ലിഫ്ഇറിഗേഷൻ സ്കീം നടപ്പിലാക്കുന്നതിനായി 2021-22 വർഷത്തെ ബഡ്ജറ്റിൽ വോള്യം-2ൽ ഭരണാനുമതിയില്ലാത്ത പ്രവൃത്തികളുടെ പട്ടികയിൽ ക്രമ നം.725-ാമതായി ഉൾപ്പെടുത്തി 200 ലക്ഷം രൂപയുടെ 20 ശതമാനമായ 40,00,000 രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. ടി പ്രവൃത്തിക്ക് വേണ്ടി വരന്തരപ്പിള്ളി പഞ്ചായത്ത് അധികൃതരുടെയും ജനപ്രതിനിധികളുടെയും കർഷക സമിതിയുടെയും സഹകരണം ഉറപ്പാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ 240 ലക്ഷം രൂപയുടെ സിവിൽ പ്രവൃത്തികളും, ഹൈ ടെൻഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ ഉൾപ്പെടെ 40 ലക്ഷം രൂപയുടെ ഇലക്ട്രിക്കൽ പ്രവൃത്തികളും, 30 ലക്ഷം രൂപയുടെ മെക്കാനിക്കൽ പ്രവൃത്തികളും, കെ.എസ്.ഇ.ബി. ചാർജ്ജായ 20 ലക്ഷം രൂപയും, ജി.എസ്.ടി. -യും ഉൾപ്പെടെ 330 ലക്ഷം രൂപയുടെ വിശദമായ പദ്ധതി രേഖയാണ് തയ്യാറാക്കിയിട്ടുള്ളത്. ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതിലും അധികമായി 130 ലക്ഷം രൂപ കൂടി ഈ പദ്ധതിയ്ക്ക് ആവശ്യമായിട്ടുണ്ട്. അധികധനാനുമതിയ്ക്കായുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അധികധനാനുമതി അനുവദിക്കുന്ന വിഷയം സർക്കാരിൽ പരിശോധിച്ചുവരുന്നു. |
| (ബി) | ഇതിനായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് അനുമതി ലഭ്യമാക്കുന്നതിനും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പള്ളി പഞ്ചായത്തിലെ ഉപ്പുകുഴി (ഉപ്പൂഴി) ലിഫ്ഇറിഗേഷൻ സ്കീം നടപ്പിലാക്കുന്നതിനായി 2021-22 വർഷത്തെ ബഡ്ജറ്റിൽ വോള്യം-2ൽ ഭരണാനുമതിയില്ലാത്ത പ്രവൃത്തികളുടെ പട്ടികയിൽ ക്രമ നം.725-ാമതായി ഉൾപ്പെടുത്തി 200 ലക്ഷം രൂപയുടെ 20 ശതമാനമായ 40,00,000 രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. |

| | | | |
|---|---|---|---|
| | | | ടി പ്രവൃത്തിക്ക് വേണ്ടി വരന്തരപ്പിള്ളി പഞ്ചായത്ത് അധികൃതരുടെയും ജനപ്രതിനിധികളുടെയും കർഷക സമിതിയുടെയും സഹകരണം ഉറപ്പാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ 240 ലക്ഷം രൂപയുടെ സിവിൽ പ്രവൃത്തികളും, ഹൈ ടെൻഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ ഉൾപ്പെടെ 40 ലക്ഷം രൂപയുടെ ഇലക്ട്രിക്കൽ പ്രവൃത്തികളും, 30 ലക്ഷം രൂപയുടെ മെക്കാനിക്കൽ പ്രവൃത്തികളും, കെ.എസ്.ഇ.ബി. ചാർജ്ജായ 20 ലക്ഷം രൂപയും, ജി.എസ്.ടി. -യും ഉൾപ്പെടെ 330 ലക്ഷം രൂപയുടെ വിശദമായ പദ്ധതി രേഖയാണ് തയ്യാറാക്കിയിട്ടുള്ളത്. ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതിലും അധികമായി 130 ലക്ഷം രൂപ കൂടി ഈ പദ്ധതിയ്ക്ക് ആവശ്യമായിട്ടുണ്ട്. അധികധനാനുമതിയ്ക്കായുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അധികധനാനുമതി അനുവദിക്കുന്ന വിഷയം സർക്കാരിൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ